3/8/2020
MONDAY

MALAYALAM II
[Adisthana Paadaavali]

STD - X
Class-05

Assignment

1. 'രണ്ടിടങ്ങഴി' എന്ന നോവലിലെ പ്രാദേശിക ഭാഷ. നോവലിന് എത്രത്തോളം മികവ് നൽകുന്നു. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Ans) ഭാഷയുടെ ജീവനും സൗന്ദര്യവും വരമൊഴി ഭാഷയേക്കാൾ വാമൊഴി ഭാഷയിലാണ്. ഏറ്റവും ചെറിയൊരു പ്രദേശത്ത് സംസാരിക്കുന്ന ഭാഷപോലും സാഹിത്യത്തിൽ ഇടം നേടിയതിന് മലയാളത്തിൽ നിരവധി ഉദാഹരണങ്ങളുണ്ട്. ഒരു ജനതയുടെ ജീവൽഭാഷയെ സാഹിത്യത്തിലേക്കു കൊണ്ടുവരിക എന്നതിനർത്ഥം അവരുടെ ജീവിതത്തെക്കൂടി മുഖ്യധാരയിലേക്കു കൊണ്ടുവരിക എന്നാണ്. തങ്ങളിലൊരാളായി ആ കഥാപാത്രങ്ങളെ വായനക്കാർ സ്വീകരിക്കുകയും ചെയ്യുന്നു. അക്കൂട്ടത്തിൽ എടുത്തു പറയേണ്ട ഒരാളാണ് തകഴി. ആലപ്പുഴയിലെ ഒരു കടപ്പുറത്തെ അരയസമൂഹത്തിന്റെ ഭാഷയാണ് തകഴിയുടെ ചെമ്മീൻ എന്ന കൃതിയിലുള്ളത്. കഥാപാത്രങ്ങളുടെ സംഭാഷണരംഗങ്ങളിൽ മാത്രമേ തകഴി ഇത്തരം ഭാഷാശൈലി ഉപയോഗിക്കുന്നുള്ളു എന്നു കാണാം. രണ്ടിടങ്ങഴിയിലും ഈ രചനാരീതി പിന്തുടരുന്നുണ്ട്. സംഭാഷണങ്ങളിൽ ഉപയോഗിക്കുന്ന ഏന്, അത്താഴക്കരിക്കാടിക്കാ, മേണ്ട, മയറ്റില്, ഒളിച്ചുവെച്ചിരുന്നോ, കലക്കി മോന്തിക്കൊണ്ട്, മെള്ളം, ക്ടാത്തി തുടങ്ങിയ പദങ്ങൾ അധഃകൃതഭാഷയായി കരുതിയിരുന്നു.

2. 'രണ്ടിടങ്ങഴി' എന്ന നോവലിലെ 'കോരൻ' എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

Ans) തകഴിയുടെ 'രണ്ടിടങ്ങഴി' എന്ന നോവലിലെ കേന്ദ്രകഥാപാത്രമാണ് കോരൻ. കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ പ്രതീകമായാണ് തകഴി കോരനെ അവതരിപ്പിച്ചിരിക്കുന്നത്. അനീതിക്കെതിരെ ശബ്ദമുയർത്താനുള്ള കോരന്റെ മനോഭാവം രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത് എന്ന് കോരന്റെ ചിന്തയിലുണ്ട്. തൊഴിലാളിക്ക് നെല്ല് കൂലി കൊടുക്കാതെ ജന്മി കരിഞ്ചന്തയിൽ നെല്ല് വിൽക്കുന്ന കാഴ്ചയാണ് കോരന്റെ മനസ്സിൽ ധാർമികരോഷം ഉണർത്തുന്നത്. നെല്ല് കൂലിയായി കിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത് എന്നും അവൻ ആലോചിക്കുന്നു. പക്ഷെ കൂട്ടുകാർ തന്നോടൊപ്പം നിൽക്കില്ല എന്ന ചിന്ത കോരനെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

ചിരുതയോടുള്ള കോരന്റെ സ്നേഹവും കഥയിലുടനീളം വായനക്കാർക്ക് അനുഭവവേദ്യമാകുന്നു. ഇരുനാഴി അരിക്കുവേണ്ടി കോരൻ പാതിരാത്രി വരെ നടക്കുന്നത്, ചിരുത അന്ന് അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ടില്ല എന്ന ചിന്ത അലട്ടുന്നതു കൊണ്ടാണ്. അവൾ വയറു നിറയെ കഴിക്കട്ടെ എന്നുകരുതി വയറ്റിൽ സുഖമില്ലെന്നു പറഞ്ഞ് കോരൻ ഭക്ഷണം കഴിക്കാതെ ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നു. വയർ നിറയെ ഭക്ഷണം കഴിക്കാൻ അവളെ നിർബന്ധിക്കുകയും ചെയ്യുന്നു.

അപ്പനെ ഉപേക്ഷിച്ചുപോന്നതിലുള്ള കുറ്റബോധം കോരന്റെ മനസ്സിൽ നീറ്റലുണ്ടാക്കുന്നതും നോവൽ ഭാഗത്തുകാണാം. അപ്പനെ തകഴിയിൽ തനിച്ചാക്കി പെണ്ണുമായി മറുനാട്ടിലേക്കു പോന്നതു അക്ഷന്തവ്യമായ അപരാധമായി കോരന്റെ മനസ്സിനെ വേട്ടയാടുന്നു. അപ്പന് ഒരു നേരമെങ്കിലും വയറുനിറയെ ചോറുകൊടുക്കണം എന്ന് കോരൻ ആഗ്രഹിക്കുന്നു. ഇങ്ങനെ ഒട്ടേറെ സ്വഭാവ സവിശേഷതകളുള്ള കഥാപാത്രമായി കോരനെ നോവൽഭാഗത്ത് അവതരിപ്പിക്കുന്നു.